# കഷ്ടതയിലും
# പുഞ്ചിരി തൂകാൻ...



# കഷ്ടതയിലും പുഞ്ചിരി തൂകാൻ...

ശാലീനസുന്ദരമായ ഒരു കൊച്ചുഗ്രാമം. അവിടെ അച്ഛനും അമ്മയും എട്ട് മക്കളുമടങ്ങുന്ന ഒരു കുടുംബം. ഏഴു പെൺമക്കളും ഒരു ആണും. പെൺമക്കൾ ഓരോന്നും ജനിക്കുമ്പോൾ ആളുകൾക്ക് ഒരു പരിഹാസവിഷയമായിരുന്നെങ്കിലും ഓരോ കുഞ്ഞിനെയും പൊന്നാണെന്നും പറഞ്ഞ് ആ മാതാപിതാക്കൾ സന്തോഷിച്ചു. സന്തോഷവും സമാധാനവും അലതല്ലിയ ആ കുടുംബം ആ ഗ്രാമത്തിന്റെ തന്നെ ഐശ്വര്യമായിരുന്നു.

എന്നാൽ അധികം താമസിയാതെ പ്രതികൂലക്കാറ്റ് ആ കുടുംബത്തിന്മേൽ ആഞ്ഞടിച്ചു. കുടുംബനാഥന് കലശലായ ചുമ. പല നാട്ടുമരുന്നുകളും പരീക്ഷിച്ചെങ്കിലും ഫലമുണ്ടായില്ല. തുടർന്ന് മെഡിക്കൽ മിഷൻ ആശുപത്രിയിലെത്തിച്ച് പരിശോധിച്ചു. പരിശോധിച്ച ഡോക്ടർമാർ പറഞ്ഞു, കരളിനു കാൻസർ ബാധിച്ചിരിക്കുകയാണ്.

പിന്നീടുള്ള ദിവസങ്ങൾ വേദനയുടേയും ആശങ്കകളുടേതുമായിരുന്നു. നാട്ടുകാർക്കും അദ്ദേഹം പ്രിയങ്കരനായിരുന്നതുകൊണ്ട് ആ ഗ്രാമം ഒന്നാകെ ആ കുടുംബത്തെ ഓർത്തു ദുഃഖിച്ചു. കുടുംബാംഗങ്ങളും നാട്ടുകാരും ഈറനണിഞ്ഞ കണ്ണുമായി നോക്കുമ്പോൾ ആ മനുഷ്യന്റെ മുഖത്ത് ഒരു പുഞ്ചിരിയുണ്ടായിരുന്നു. തന്റെ ശരീരവേദനയെ അതിജീവിക്കുന്ന പ്രത്യാശയുടെ ഒരു മന്ദസ്മിതം.

കാൻസർ ബാധിച്ച്, കരഞ്ഞും നിരാശപ്പെട്ടും വരുന്ന രോഗികൾക്ക് ഡോക്ടർമാർ ഇദ്ദേഹത്തെ കാണിച്ചുകൊടുക്കുമായിരുന്നു. മരണത്തെ പുഞ്ചിരിയോടെ അഭിമുഖീകരിക്കാൻ പ്രേരിപ്പിക്കുന്ന ഏതോ ഒരു പ്രേരകശക്തി അദ്ദേഹത്തിലുണ്ടായിരുന്നു. മരണാനന്തരം സ്വർഗ്ഗീയ അവകാശം ലഭിക്കുമെന്നുള്ള പ്രത്യാശയും അതിലുള്ള ഉറപ്പും അദ്ദേഹത്തെ മരണ നിഴലിലും ചിരിക്കാൻ സഹായിച്ചു.

സകല മനുഷ്യരെയും പോലെ ഇദ്ദേഹത്തിനും മരണത്തെ അഭിമുഖീകരിക്കേണ്ടി വന്നെങ്കിലും നിത്യമരണമായ നരകാഗ്നിയിൽ നിന്നും രക്ഷപ്രാപിച്ചു എന്ന ബോദ്ധ്യം തനിക്കുണ്ടായിരുന്നു. മരിക്കും മുമ്പ് മക്കളെ ചേർത്തുനിർത്തി ആ പിതാവു പറഞ്ഞു; "ഞാൻ സ്വർഗ്ഗത്തിലേക്ക് പോകയാണ്. നമ്മുടെ പാപങ്ങളെ ഏറ്റുകൊണ്ട് ക്രൂശിൽ മരിച്ച യേശുവിൽ വിശ്വസിച്ചും അനുസരിച്ചും നിങ്ങൾ ജീവിക്കണം. അങ്ങനെയെങ്കിൽ ആ മനോഹരദേശത്ത് നമുക്ക് വീണ്ടും ഒന്നിക്കാം. ഇനി നിങ്ങൾ എന്റെ രോഗസൗഖ്യത്തിനായി പ്രാർത്ഥിക്കേണ്ട, എനിക്കു പോകാൻ സമയമായി എന്ന് പറഞ്ഞ് ആ പിതാവ് കണ്ണുകളടച്ചു." ആ മുഖത്ത് നിരാശയോ സംശയമോ ഇല്ലായിരുന്നു. കാരണം, താൻ പോകുന്നത് യേശുക്രിസ്തു വസിക്കുന്ന സ്വർഗ്ഗരാജ്യത്തിലേക്കാണെന്ന ബോദ്ധ്യം അദ്ദേഹത്തിന് ഉണ്ടായിരുന്നു. സുഹൃത്തേ, ഇത് കഥയല്ല, യഥാർത്ഥമായി നടന്ന ഒരു സംഭവമാണ്.

താങ്കൾ കാൻസർ പോലുള്ള മാരകരോഗത്തിന് അടിമയാണോ? മാറാരോഗത്താൽ ഭാരപ്പെടുന്ന വ്യക്തിയാണോ? നിരാശയിൽ കഴിയുകയാണോ? ആരും സ്നേഹിക്കാനും കരുതുവാനുമില്ലെന്ന് ചിന്തിച്ച് ഭാരപ്പെടുകയാണോ? മരണഭീതിയിൽ ജീവിക്കുകയാണോ? എങ്കിൽ കഠിന വേദനയുടേയും കഷ്ടതയുടേയും മുമ്പിൽ പുഞ്ചിരിയേകുന്ന ഒരു നല്ല സ്നേഹിതനെ ഞാൻ പരിചയപ്പെടുത്താം. സ്നേഹിതർ, ബന്ധുക്കൾ, വൈദ്യന്മാർ എല്ലാവരും കൈവിട്ടാലും കൈവിടാത്ത ഒരുവൻ നമുക്കുണ്ട്. സഹായിക്കുവാൻ ആരുമില്ല, ഞാൻ തനിച്ചാണ് എന്നെ എല്ലാവർക്കും വെറുപ്പാണ്, ഞാൻ മറ്റുള്ളവർക്ക് ഭാരമാണ് എന്നു തോന്നുന്ന അവസ്ഥയിൽ ആ നല്ല സ്നേഹിതൻ എല്ലാ നാളും ഞാൻ നിങ്ങളോട് കൂടെയുണ്ട്, ഞാൻ നിങ്ങളെ ഒരു നാളും കൈവിടുകയില്ല, ഉപേക്ഷിക്കയുമില്ല എന്നു പറയുന്നു. അത് മറ്റാരുമല്ല മുൻപു സൂചിപ്പിച്ച കഥയിലെ രോഗിക്കു പ്രത്യാശ നൽകിയ ക്രിസ്തുയേശു തന്നെ.

മരണം പ്രകൃതി നിയമമാണ്. നാം പേടിച്ചാലും ഇല്ലെങ്കിലും നിന ച്ചിരിക്കാത്ത സമയത്ത് അത് വരും. രോഗിയെന്നോ ആരോഗ്യവാ നെന്നോ, പണക്കാരനെന്നോ, പാവപ്പെട്ടവനെന്നോ, സ്ത്രീയെന്നോ പുരുഷനെന്നോ ഭേദമില്ലാതെ അതു വരും. എന്നാൽ മരണശേഷ മുള്ള ദൈവിക ന്യായവിധിയിൽ നിന്നും മോചനം പ്രാപിച്ച ഒരു വ്യക്തിക്ക് മരണത്തെ പുഞ്ചിരിയോടെ എതിരേൽക്കാം.

യേശുക്രിസ്തു ക്രൂശിൽ മരിച്ചത് താങ്കളുടെ പാപത്തിന്റെ ശിക്ഷ സ്വയം ഏറ്റെടുത്തുകൊണ്ടാണ്. ഈ യാഥാർത്ഥ്യം വിശ്വസിക്കു കയും യേശുവിനെ ഏക രക്ഷകനും കർത്താവുമായി ഹൃദയത്തിൽ അംഗീകരിക്കുകയും ചെയ്താൽ താങ്കളും നിത്യശിക്ഷാവിധിയിൽ നിന്നും രക്ഷ പ്രാപിക്കും (റോമ:10:9–10).

താങ്കൾ ഈ നിലയിൽ രക്ഷ പ്രാപിക്കാനാഗ്രഹിക്കുന്നെങ്കിൽ ഇങ്ങനെ പ്രാർത്ഥിക്കുക: "യേശുകർത്താവേ ഞാൻ പാപിയാണ്, എന്റെ പാപത്തിന്റെ ശിക്ഷ അങ്ങ് ഏറ്റെടുത്ത് എനിക്കുവേണ്ടി ക്രൂശിൽ മരിച്ചു എന്ന് ഞാൻ വിശ്വസിക്കുന്നു. എന്നോടു കരുണ കാണിക്കണമേ. ഞാൻ അങ്ങയെ എന്റെ ഏക രക്ഷകനും കർത്താവുമായി ഹൃദയത്തിൽ അംഗീകരിക്കുന്നു. എന്റെ പാപങ്ങൾ ക്ഷമിക്കണമേ. ആമേൻ".

ഈ നിലയിൽ ആത്മാർത്ഥമായി പ്രാർത്ഥിച്ചു എങ്കിൽ യേശു ക്രിസ്തു താങ്കളെ രക്ഷിച്ചിരിക്കുന്നു. ഈ ലോകത്തിൽ നിന്നു മരണം നമ്മെ നീക്കിയാലും ക്രിസ്തുവിനോടു കൂടെ എന്നും സ്വർഗ്ഗത്തിൽ വസിക്കും. ആകയാൽ ഈ നല്ല രക്ഷ സൗജന്യ മായി നേടി പുഞ്ചിരിയോടെ വേദനയെ അഭിമുഖീകരിക്കാൻ താങ്കൾക്കിടയാകട്ടെ എന്നു പ്രാർത്ഥിക്കുന്നു. (SJP)

കൂടുതൽ അറിയുവാൻ ആഗ്രഹിക്കുന്നു എങ്കിൽ, ബന്ധപ്പെടുക.


## Logos Media

Logos Bhavan, Maneed P.O.
Ernakulam-682 726
Mobile: 9744706373

Logos Tract 105